## തിരുവനന്തപുരം ആരോഗ്യവകുപ്പ് ഡയറക്ടറുടെ നടപടിക്രമം

വിഷയം:-ആ.വ.ഡ- ജീവനക്കാര്യം- പ്രവേശന കാലാവധി ദീർഘിപ്പിച്ച നൽകിയതിനു ശേഷം അസിസ്റ്റന്റ് സർജനായി നിയമന ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം:-1) ഉത്തരവ് നം.ഇ.എ3.-7000/ 2018/ആ.വ.ഡ തീയതി 31.01.2018

2) ഡോ.ഹരിശങ്കർ.എം സമർപ്പിച്ച അപേക്ഷ

**ഉത്തരവ് നം.ഇ.എ3- 7000/ 2018/ ആ.വ.ഡ തീയതി 06.04.2020**

Dr.Harisankar.M, Sarika, Changanacherry, Perunnai West, Kottayam കേരള പബ്ലിക് സർവ്വീസ് കമ്മീഷന്റെ നിയമന ശുപാർശയിൽ അസിസ്റ്റന്റ് സർജനായി പരാമർശം (1) പ്രകാരം നിയമന ഉത്തരവ് നൽകിയെങ്കിലും ടിയാളുടെ അപേക്ഷ പ്രകാരം പ്രവേശന കാലാവധി 22.4.2020 തീയതി വരെ ദീർഘിപ്പിച്ച നൽകിയിരുന്നു. എന്നാൽ പ്രവേശന കാലാവധി അവസാനിക്കുന്ന മുറയ്ക്ക് പരാമർശം(2) പ്രകാരമുള്ള അപേക്ഷയുടെ അടിസ്ഥാനത്തിൽ ഡോ.ഹരിശങ്കർ.എം-നെ Casualty Medical Officer ആയി പാമ്പാടി താലൂക്ക് ആസ്ഥാന ആശുപത്രി, കോട്ടയം നിയമിച്ചുകൊണ്ട് ഉത്തരവാകുന്നു.

ടിയാൾ എന്നാൽ പ്രവേശന കാലാവധി അവസാനിക്കുന്ന മുറയ്ക്ക് അസ്സൽ സർട്ടിഫിക്കറ്റുകളും നിയമന ഉത്തരവും സഹിതം ജില്ലാ മെഡിക്കൽ ആഫീസർ(ആരോഗ്യം), കോട്ടയം മുൻപാകെ ഹാജരാകേണ്ടതാണ്. അല്ലാത്ത പക്ഷം ജോലിയിൽ പ്രവേശിക്കാത്ത വിവരം കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ മുൻപാകെ അറിയിക്കുന്നതാണ്.

ആർ.ടി.സി കൃത്യമായും അയച്ചുതരേണ്ടതാണ്.

ഒപ്പ്/
ഡോ.സരിത.ആർ.എൽ,
ആരോഗ്യവകുപ്പ് ഡയറക്ടർ

സ്വീകർത്താവ്

Dr.Harisankar.M, Sarika, Changanacherry, Perunnai West, Kottayam-686102

( താങ്കളുടെ പോലീസ് വെരിഫിക്കേഷനായുള്ള പ്രൊഫോർമ ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു. ആയത് ഒരാഴ്ചയ്ക്കകം ജില്ലാ മെഡിക്കൽ ആഫീസർ മുഖേന സമർപ്പിക്കേണ്ടതാണ്)

പകർപ്പ്:-

1) ജില്ലാ മെഡിക്കൽ ആഫീസർ (ആരോഗ്യം), കോട്ടയം
   (ഡോ.ഹരിശങ്കർ.എം-ന്റെ തിരിച്ചറിയൽ രേഖ ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു. ടിയാളെ നിയമിച്ച സ്ഥാപനത്തിൽ ഒഴിവ് ഇല്ലായെങ്കിൽ സാധൂകരണത്തിന് വിധേയമായി മറ്റൊരു സ്ഥാപനത്തിൽ നിയമിക്കേണ്ടതാണ്)
2) അക്കൗണ്ട് ജനറൽ( എ&ഇ),തിരുവനന്തപുരം
3) സൂപ്രണ്ട്, പാമ്പാടി താലൂക്ക് ആസ്ഥാന ആശുപത്രി, കോട്ടയം ( ടിയാളുടെ സേവന വിവരങ്ങൾ ജോലിയിൽ പ്രവേശിക്കുന്ന ദിവസം തന്നെ സ്പാർക്ക് സംവിധാനത്തിൽ രേഖപ്പെടുത്തുന്നതിനുള്ള മേൽ നടപടി സ്വീകരിക്കേണ്ടതാണ്)
4) ഫയൽ/ കരുതൽ ഫയൽ

// ഉത്തരവിൻ പ്രകാരം//

സൂപ്രണ്ട്

വി.എം-